പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1438 — 15.06.2012 ൽ മറുപടിയ്ക്ക്

കർഷകർക്ക് രജിസ്ട്രേഷൻ

ചോദ്യം	മറുപടി
ശ്രീ.ഷാഫി പറമ്പിൽ ശ്രീ. ഡൊമിനിക് പ്രസന്റേഷൻ ശ്രീ. വി.റ്റി.ബൽറാം ശ്രീ. കെ.ശിവദാസൻ നായർ	ശ്രീ. കെ.പി. മോഹനൻ (ബഹു. കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി)
(എ) സംസ്ഥാനത്തെ കർഷകർക്ക് രജിസ്ട്രേഷൻ ഏർപ്പെടുത്തിയിട്ടുണ്ടോ;	**(എ)** കർഷകരെ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടി ക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.
(ബി) ഇതുകൊണ്ട് കർഷകർക്കുണ്ടാകുന്ന ഗുണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;	**(ബി)** 1) കർഷകർക്കായുള്ള എല്ലാ ആനുകൂല്യങ്ങളും, ബാങ്ക് അക്കൗണ്ട് വഴി ലഭ്യമാക്കുന്നതാണ്. 2) പ്രസ്തുത ഡാറ്റേബേസ് സൃഷ്ടിക്കുന്നത് വഴി കർഷകർക്ക് ആനുകൂല്യങ്ങൾ കാര്യക്ഷമമായി വിതരണം നടത്തുന്നതിനുള്ള ആസൂത്രണത്തിന് വളരെയധികം ഉതകുന്നതാണ്. 3) സഹായധനം ലഭിക്കുന്നതിനായി കർഷകർ ഓഫീസ് കയറിയിറങ്ങുന്നത് ഒഴിവാകും. 4) കൃഷി ഉദ്യോഗസ്ഥരുടെ സേവന സമയം വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾക്കായി കൂടുതൽ ഉപയോഗിക്കാൻ കഴിയും.
(സി) ആദ്യഘട്ടത്തിൽ രജിസ്ട്രേഷൻ ആരംഭിക്കുന്നത് എവിടെയാണെന്നും സംസ്ഥാനം മുഴുവൻ രജിസ്ട്രേഷൻ വ്യാപിപ്പിക്കാൻ ഉദ്ദേശ്യമുണ്ടോയെന്നും അറിയിക്കുമോ?	**(സി)** ആദ്യഘട്ടത്തിൽ വയനാട് ജില്ലയിൽ രജിസ്ട്രേഷൻ ആരംഭിച്ചു. സംസ്ഥാനമൊട്ടാകെ ഈ പദ്ധതി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ